**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1254** **01-02-2024 - ൽ മറുപടിയ്ക്ക്**

**കീഴ്മാടം - കല്ലിക്കണ്ടി റോഡിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കീഴ്മാടം - കടവത്തൂർ - കല്ലിക്കണ്ടി റോഡിന്റെ കൊച്ചിയങ്ങാടി മുതൽ കല്ലിക്കണ്ടി വരെയുള്ള ഭാഗം നവീകരിക്കുന്ന പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (എ) | കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കീഴ്മാടം കല്ലിക്കണ്ടി തുവക്കുന്ന് വടക്കേ പൊയിലൂർ കൂത്തുപറമ്പ് റോഡിന്റെ നവീകരണ പ്രവർത്തിക്കായി 15 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി 2016 നവംബർ മാസം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയിൽ നിന്നും 29.42 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭ്യമായതിനെ തുടർന്ന് ഈ പ്രവൃത്തി ആരംഭിച്ചിരുന്നു. എന്നാൽ ഈ റോഡിന്റെ കി.മീ 2/470 (കൊച്ചിയങ്ങാടി) മുതൽ കി.മീ 7/300 (കല്ലിക്കണ്ടി) വരെയുള്ള ഭാഗത്തെ സ്ഥലമുടമകൾ സൗജന്യമായി സ്ഥലം ലഭ്യമാക്കാത്തതിനെ തുടർന്ന് ആദ്യഘട്ടത്തിൽ ഈ ഭാഗത്ത് പ്രവൃത്തി നടത്തുവാൻ സാധിച്ചിരുന്നില്ല. ഇതേ തുടർന്ന് ഈ ഭാഗത്ത് താൽക്കാലിക റെക്റ്റിഫിക്കേഷൻ പ്രവൃത്തി മാത്രം നടത്തി മറ്റ് ഭാഗത്തെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ഈ വിഷയം സംബന്ധിച്ച് 10/02/2022-ന് കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ സംയുക്ത സ്ഥല പരിശോധന നടത്തി പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട തുടർ നടപടികൾ സംബന്ധിച്ച് എസ്.പി.വി-ക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 05/05/2023-ന് എസ്.പി.വി പ്രവൃത്തി ഫോർക്ലോസ് (Foreclose) ചെയ്യുകയും, ഇതിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്റ്റ് പാക്കേജ് തുക ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തിയുടെ തുകയിലേക്ക് നിജപ്പെടുത്തുന്നതിനായി എസ്.പി.വി കിഫ്ബിക്ക് 22/01/2024-ന് സമർപ്പിച്ച വേരിയേഷൻ ഫയൽ കിഫ്ബി അംഗീകരിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത റോഡിന്റെ പൂർത്തീകരണത്തിന് വേണ്ടി സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അനുവദിച്ച് | (ബി) | പ്രസ്തുത റോഡിലെ ശേഷിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഉൾപ്പെടുത്തി ധനാനുമതി |

| | | | |
|---|---|---|---|
| | ഭരണാനുമതി വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | പുതുക്കുന്നതിനുള്ള പ്രൊപ്പോസൽ നിർവ്വഹണ ഏജൻസി കിഫ്ബിക്ക് സമർപ്പിച്ചിരുന്നെങ്കിലും, പ്രാഥമിക അവലോകനത്തിൽ കിഫ്ബി മാനദണ്ഡ പ്രകാരമുള്ള രേഖകളുടെ അഭാവത്തിൽ ലഭ്യമാക്കിയ പ്രസ്തുത പ്രൊപ്പോസൽ കിഫ്ബി അംഗീകരിച്ചിട്ടില്ല. നിർവ്വഹണ ഏജൻസി പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ